(ബി) കശുവണ്ടി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് ഗവൺമെന്റ് തലത്തിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ തീരുമാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ; അടച്ചിട്ടിരിക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കശുവണ്ടി വ്യവസായരംഗത്ത് യന്ത്രവൽക്കരണം വ്യാപകമാകുന്ന സാഹചര്യത്തിൽ വ്യവസായത്തിന്റെ ഇന്നത്തെ സ്ഥിതിയെപ്പറ്റി പഠിക്കുവാനും യന്ത്രവൽക്കരണരംഗത്ത് പുതിയ കൂലി ഘടന നിശ്ചയിക്കുന്നതിനുവേണ്ടി തൊഴിലാളി-തൊഴിലുടമ-ഗവൺമെന്റ് പ്രതിനിധികൾ അടങ്ങിയ ഒരു കമ്മിറ്റി GO(Rt) 448/2015/ID തീയതി 6-6-2015 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. മൂന്നുമാസത്തിനകം കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

(ബി) കശുവണ്ടി വികസന കോർപ്പറേഷനിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് ഗവൺമെന്റ് തലത്തിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയിൽ ബാക്കി നൽകുവാനുണ്ടായിരുന്ന 13 കോടി രൂപ അനുവദിച്ചുനൽകിയിട്ടുള്ളതും ഈ തുക വിനിയോഗിച്ച് തോട്ടണ്ടി വാങ്ങി കോർപ്പറേഷൻ ഫാക്ടറികൾ 25-5-2015 മുതൽ പ്രവർത്തനം പുനരാരംഭിച്ചിട്ടുള്ളതുമാണ്.

കാപ്പെക്സിന്റെ അധീനതയിലുള്ള പത്ത് ഫാക്ടറികളും തുടർച്ചയായി പ്രവർത്തിച്ചുവരുന്നു.

## കിൻഫ്ര മുഖേനയുള്ള പദ്ധതികൾ

**231 (576)** ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജക മണ്ഡലത്തിൽ കിൻഫ്ര മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) അങ്കമാലി നിയോജകമണ്ഡലത്തിലെ ഐയ്യംപുഴ വില്ലേജിൽ കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്കിന്റെ രണ്ടാംഘട്ട വികസനത്തിനുവേണ്ടി 250 ഏക്കർ ഭൂമി നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള ഒരു നിർദ്ദേശം പരിഗണനയിലാണ്.

**വ്യവസായ പദ്ധതികളിലെ പുരോഗതി**

**232 (577)** ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്തെ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച വ്യവസായ പദ്ധതികളിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) കഴിഞ്ഞ നാലുവർഷത്തെ ബഡ്ജറ്റുകളിൽ വ്യവസായ വകുപ്പിനുകീഴിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഓരോ വർഷവും നടപ്പിലാക്കിയിട്ടില്ലാത്ത പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികളിലൂടെ ലക്ഷ്യമിട്ട നേട്ടങ്ങളെന്തെന്നും പദ്ധതി പ്രാവർത്തികമാകാത്തതിന്റെ ഫലമായുണ്ടായ നഷ്ടങ്ങൾ എന്തെന്നും കണക്കാക്കിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കഴിഞ്ഞ നാലുവർഷത്തെ ബഡ്ജറ്റുകൾ പ്രഖ്യാപിച്ചവയിൽ വ്യവസായ വകുപ്പിനുകീഴിൽ വരുന്ന പദ്ധതികളിൽ നടപ്പിലാക്കിയിട്ടില്ലാത്ത പ്രധാനപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കേരളത്തിൽ ചെറുകിട-ഇടത്തര-വൻകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക, സംസ്ഥാനത്തെ നിക്ഷേപ സൗഹൃദപരമാക്കുക, കേരളത്തിന്റെ നിക്ഷേപ സാദ്ധ്യതകൾ പുറംലോകത്തിനുമുന്നിൽ കാട്ടിക്കൊടുക്കുക,

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്